# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 11-02-2020 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **2250**

# ചെറുകിട തുറമുഖങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ :<br>ശ്രീ. കെ. ആൻസലൻ :<br>ശ്രീ. എം. മുകേഷ് :<br>ശ്രീ. വി. അബ്ദുറഹിമാൻ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; | (എ) ചെറുകിട തുറമുഖങ്ങളുടെ വികസനത്തിന്റെ ഭാഗമായി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ, അഴീക്കലിൽ ആധുനിക നിലവാരത്തിലുള്ള അന്താരാഷ്ട്ര തുറമുഖം നിർമ്മിക്കുന്നതിന് ഒരു പ്രത്യേക കമ്പനി രൂപീകരിച്ച് സാങ്കേതിക സാദ്ധ്യതാപഠനം, വിശദമായ പദ്ധതി രേഖ, പാരിസ്ഥിതിക പഠനം എന്നിവ പൂർത്തിയാക്കുന്നതിന് ടെക്നിക്കൽ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്. കൊല്ലം തുറമുഖത്ത് മൾട്ടി പർപ്പസ് ബർത്തിന്റെ നീളം 74 മീറ്റർ വർദ്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ റോഡ് /റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് Techno - Economic Feasibility Report (TEFR) / Detailed Project Report (DPR) തയ്യാറാക്കുന്നതിന് Indian Port Rail Corporation Ltd (ഐ.പി.ആർ.സി.എൽ) എന്ന കേന്ദ്ര ഏജൻസിയെ ചുമതലപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിലെ ആഴം വർദ്ധിപ്പിക്കുന്നതിനായി DPR തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലൂടെ എന്തെല്ലാം വ്യവസായ, വാണിജ്യ ഇടപാടുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കാമോ ; | (ബി) <u>അഴീക്കൽ</u>: ലക്ഷദ്വീപിലേക്ക് നിർമ്മാണ സാമഗ്രികൾ, വിദേശത്തേക്കുള്ള കാപ്പിയുടേയും മറ്റ് സുഗന്ധവ്യഞ്ജനങ്ങളുടേയും കയറ്റുമതി, ഉത്തരേന്ത്യയിൽ നിന്നുള്ള നിർമ്മാണ സാമഗ്രികളുടെ ഇറക്കുമതി എന്നിവ നടന്നുവരുന്നു.<br><br><u>ബേപ്പൂർ</u>: ലക്ഷദ്വീപിലേക്കുള്ള ചരക്ക് / യാത്രാകപ്പലുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ ഉത്തരേന്ത്യയിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ള നിർമ്മാണ സാമഗ്രികൾ ഉരുവിലൂടെയും കണ്ടൈനർ മാർഗ്ഗവും എത്തുന്നുണ്ട്.<br><br><u>കൊല്ലം:</u> വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ കൈകാര്യം ചെയ്യുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ സാമഗ്രികൾ, കശുവണ്ടി എന്നിവയും ഈ തുറമുഖം വഴി കൈകാര്യം ചെയ്തുവരുന്നു.<br><br><u>വിഴിഞ്ഞം:</u> മാലിയിലേക്കുള്ള ചരക്കുകപ്പലുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ വിദേശയാത്രാകപ്പലുകളും എത്താറുണ്ട്. |
| (സി) | നിലവിൽ റോഡ്, റെയിൽ മാർഗ്ഗങ്ങളിലൂടെ നടത്തുന്ന ചരക്ക് ഗതാഗതം താരതമ്യേന ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹാർദ്ദപരവുമായ ജലഗതാഗത മേഖലയിലേക്ക് ആകർഷിക്കുന്നതിനായി ചെറുകിട തുറമുഖങ്ങൾ വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കൊച്ചിയിൽ നിന്ന് കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്കുള്ള കണ്ടെയ്നർ നീക്കം പ്രോത്സാഹിപ്പിക്കുന്നതിന് നൽകിവരുന്ന ഇൻസെന്റീവ് പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തുറമുഖങ്ങളുടെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ഡി) | വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ട് അതിവേഗ യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിന് Expression of Interest (EOI) ക്ഷണിക്കുകയും 29/03/2016-ൽ മെസേഴ്സ്. സേഫ് ബോട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. മേൽ സ്ഥാപനം രണ്ട് കപ്പലുകൾ കൊച്ചിയിൽ എത്തിച്ചതിൽ ഒരെണ്ണം യാത്രയ്ക്കായി സജ്ജമാക്കിയിട്ടുണ്ട്. സർവ്വീസ് ആരംഭിക്കുന്നതിന് രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള നടപടികൾ കരാറുകാരൻ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**